**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 6156** **09-11-2021 - ൽ മറുപടിയ്ക്ക്**

**ചെറുതാഴം, കുഞ്ഞിമംഗലം കിഫ്ബി കുടിവെള്ള പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എം.വിജിൻ | | Shri Roshy Augustine<br>(ജലവിഭവ വകുപ്പ് മന്ത്രി) | |
| (എ) | കല്ല്യാശ്ശേരി മണ്ഡലത്തിലെ ചെറുതാഴം, കുഞ്ഞിമംഗലം ഗ്രാമപഞ്ചായത്തുകളിൽ കുടിവെള്ളമെത്തിക്കുന്നതിന് കിഫ്ബിയിൽ നിന്നും ഭരണാനുമതി ലഭിച്ച പ്രവൃത്തിയുടെ നിർമ്മാണ പുരോഗതി വിശദമാക്കാമോ? | (എ) | കല്ല്യാശ്ശേരി മണ്ഡലത്തിൽ ചെറുതാഴം, കുഞ്ഞിമംഗലം എന്നീ പഞ്ചായത്തുകൾക്കും ഏഴിമല നേവൽ അക്കാദമിക്കും വേണ്ടി അനുമതി നൽകിയ കുടിവെള്ള പദ്ധതിയുടെ ഭാഗമായി ചെറുതാഴം, കുഞ്ഞിമംഗലം എന്നീ പഞ്ചായത്തുകളിൽ നിർമ്മിക്കുന്ന 8.5 ലക്ഷം, 4.5 ലക്ഷം ലിറ്റർ വീതം സംഭരണശേഷിയുള്ള ടാങ്കുകളുടെയും, ടാങ്കുകളിലേക്കുള്ള ഗ്രാവിറ്റി മെയിനിന്റെയും പ്രവൃത്തികൾ പൂർത്തിയായിട്ടുണ്ട്. ഏഴിമല നേവൽ അക്കാദമിയിലേക്കുള്ള ഗ്രാവിറ്റി മെയിൻ പൈപ്പിന്റെ പ്രവൃത്തിയും, ടെലിമെട്രി അറേഞ്ച്മെൻറ് പ്രവൃത്തികളും പുരോഗമിച്ചു വരുന്നു. ആകെ പ്രവൃത്തിയുടെ 88% പണി പൂർത്തിയായിട്ടുണ്ട്. ഈ പ്രവൃത്തി 2021 ഡിസംബർ 31 -ഓടു കൂടി പൂർത്തിയാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ